(ഇ) നിലവിലുള്ള നിയമ പ്രകാരം കേടായ മീറ്ററുകൾ മാറ്റിവയ്ക്കേണ്ടത് ഉപഭോക്താവിന്റെ ഉത്തരവാദിത്വമാണ്. ഇതു സംബന്ധിച്ച് ഉപഭോക്താവിന് യഥാസമയം നോട്ടീസ് നൽകുകയും മീറ്ററുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുന്നുമുണ്ട്.

ഭീമമായ് നഷ്ടമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

27 (*537) ശ്രീ. തോമസ് ഉണ്ണിയാടൻ :
പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭീമമായ നഷ്ടമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനത്ത് എത്രയുണ്ട് ;

(ബി) ഇവയുടെ പ്രവർത്തനം പുനരവലോകനം ചെയ്തിട്ടുണ്ടോ ;

(സി) ഇവ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെങ്കിലും മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ താഴെപ്പറയുന്ന 5 സ്ഥാപനങ്ങളാണ് കഴിഞ്ഞവർഷം നേരിയ നഷ്ടത്തിൽ പ്രവർത്തിച്ചത്.

1. The Cannannore Co-operative Spinning Mills Ltd.
2. Keltron Electro Ceramics Ltd.
3. The Quilon Co-operative Spinning Mills Ltd.
4. Sitaram Textiles Ltd.
5. The Malappuram Co-operative Spinning Mills Ltd.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം റിയാബ് മുഖേന വ്യവസായ വകുപ്പുമന്ത്രിയുടെയും സെക്രട്ടറിമാരുടെയും നേതൃത്വത്തിൽ എല്ലാ മാസവും നടന്നു വരുന്നു. ഓരോ മാസവും നടത്തുന്ന പ്രവർത്തന അവലോകനത്തിൽ മുൻമാസം കൈവരിച്ച ഉൽപ്പാദന ക്ഷമത പരിശോധിച്ച് കുറവുണ്ടെങ്കിൽ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. 2009-10 സാമ്പത്തിക വർഷത്തിൽ നഷ്ടത്തിൽ പ്രവർത്തിച്ച 5 പൊതുമേഖലാ സ്ഥാപനങ്ങളിൽ 4 എണ്ണം Textile മേഖലയിലുള്ളവയാണ്. അവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി മാസംതോറുമുള്ള അവലോകനം കൂടാതെ കമ്പനികളിൽ നിന്നും ലഭിക്കുന്ന Weekly Report-ന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ ആഴ്ചതോറുമുള്ള പ്രവർത്തനം റിയാബ് മുഖേന monitor ചെയ്യുന്നു.

ഓരോ വർഷത്തേയും പ്രവർത്തനം സംബന്ധിച്ച് ബജറ്റും പദ്ധതിയും നേരത്തെ തയ്യാറാക്കുന്നു. അത് കൈവരിക്കുന്നതിന്റെ പുരോഗതി മാസാമാസം അവലോകനം നടത്തുകയും ചെയ്യുന്നു. ഉൽപ്പാദനക്ഷമതയും, ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി കരാറുണ്ടാക്കുവാൻ മാനേജ്മെന്റ് തലത്തിൽ നടപടികൾ സ്വീകരിച്ചു.

(സി & ഡി) ഉണ്ട്. Keltron Electro Ceramics Ltd. – Transducer നിർമ്മാണത്തിനുവേണ്ടി 57 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കികഴിഞ്ഞു. ഇതിന്റെ തുടർച്ചയായി 47 ലക്ഷം രൂപയുടെ നവീകരണ പദ്ധതിയും നടപ്പിലാക്കി വരുന്നു.

Malappuram Co-operative Spinning Mills Ltd. -ൽ 13.40 കോടി രൂപയുടെ NCDC project -ന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി സർക്കാർ 2009-10 സാമ്പത്തിക വർഷത്തിൽ 1.50 കോടി രൂപ equity contribution ആയി TEXFED - ന് നൽകിയിട്ടുണ്ട്. 4.26 കോടി രൂപ 2010-11 -ൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 2.52 കോടി രൂപ സർക്കാരിന്റെ balance equity -യും 1.74 കോടി രൂപ Members equity -യും ആണ്. Cannannore Co-operative Spinning Mills Ltd.-ൽ 13 കോടി രൂപയുടെ NCDC project -ന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഈ പദ്ധതിക്കായി സർക്കാർ 2009-10 സാമ്പത്തിക വർഷത്തിൽ 1.50 കോടി രൂപ equity` contribution ആയി TEXFED-ന് നൽകിയിട്ടുണ്ട്. 4.10 കോടി രൂപ 2010-11 ൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2.40 കോടി രൂപ സർക്കാരിന്റെ balance equity` യും 1.70 കോടി രൂപ Members equity` -യും ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. NCDC-യിൽ നിന്നും Term Loan ലഭിക്കുന്നതിനു മില്ലിന്റെ Net Worth Positive ആക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

Quilon Co-operative Spinning Mills Ltd. - ൽ 44.38 കോടി രൂപയുടെ NCDC യുടെ സഹായത്തോടെയുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

KSTC യുടെ അധീനതയിൽ STL ഉൾപ്പെടെയുള്ള യൂണിറ്റുകളുടെയും TEXFED - ന്റെ കീഴിലുള്ള മില്ലുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വേണ്ടി മേന്മയേറിയതും നൂതനവും ഗുണനിലവാരമുള്ളതുമായ നൂൽ ഉൽപ്പാദിപ്പിക്കുന്നതിന് പരുത്തി ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാരിന്റെ corpus fund-ലൂടെ ധനസഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly